**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **12-06-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിലെ അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ പെരുമ്പാറ, പിള്ളപ്പാറ, ഷോളയാർ, മുക്കമ്പുഴ, വാഴച്ചാൽ എന്നീ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>2020-21 വർഷത്തെ അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെട്ട അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ പെരുമ്പാറ, പിള്ളപ്പാറ, ഷോളയാർ, മുക്കമ്പുഴ എന്നീ 4 കോളനികളുടെ DPR അംഗീകരിച്ച് പ്രവർത്തനാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 21.02.2024 MOU ഒപ്പ് വച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2022-23 വർഷത്തെ അംബേദ്ക്കർ സമഗ്ര വികസന പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട വാഴച്ചാൽ പട്ടികവർഗ കോളനിയിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ ഊരുകൂട്ട തീരുമാന പ്രകാരം നിശ്ചയിച്ച് നിർവഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിർവ്വഹണ ഏജൻസികളുമായി അവലോകനയോഗം ചേർന്ന് നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ